## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **20-06-2024 - ൽ മറുപടിയ്ക്ക്**

## കൃഷി നാശം നേരിട്ട കർഷകർക്ക് പ്രത്യേക പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കനത്ത ചൂടിലും വരൾച്ചയിലും അതിതീവ്ര മഴയിലും കൃഷി നാശമുണ്ടാകുന്ന സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വിശദമാക്കാമോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കനത്ത ചൂടിലും വരൾച്ചയിലും അതിതീവ്ര മഴയിലും കൃഷി നാശമുണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>വരൾച്ച മൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്ക്തലത്തിൽ വിദഗ്ധ സമിതി രൂപീകരിക്കുകയും സ്ഥല സന്ദർശനം നടത്തി നഷ്ടം തിട്ടപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അതിതീവ്ര മഴ ഉണ്ടായ സാഹചര്യത്തിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും, കൃഷി നാശത്തിനു അപേക്ഷ സമർപ്പിക്കുന്നതിന് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൃഷി ഭവനുകൾ മുഖേനയും, ദൃശ്യ ശ്രാവ്യ, സാമൂഹ്യ മാധ്യമങ്ങൾ മുഖേനയും, അറിയിപ്പ് നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭം പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി 750 ലക്ഷം രൂപയും, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3314 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയതു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന സർക്കാർ പ്രീമിയം സബ്സിഡി നൽകുന്നതും കാലാവസ്ഥാവ്യതിയാനങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതുമായ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ആനുകൂല്യങ്ങളും ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യം മൂലം സംസ്ഥാനത്തെ കൃഷി പ്രദേശത്തെ മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുന്നുണ്ടോ: വ്യക്തമാക്കാമോ; | (ബി) | വരൾച്ച പോലെയുള്ള കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം മണ്ണിലെ സൂക്ഷ്മ ജീവികളെ ബാധിക്കുമെന്നതിനാൽ മണ്ണിന്റെ ഗുണമേന്മയെയും ആയതു ബാധിക്കുന്നതാണ്. ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കാലാവസ്ഥ വ്യതിയാനം മൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് വകുപ്പ് നൽകുന്ന അനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി മുഖേന വിള നാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നല്കുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും, മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നതാണ്.<br><br>കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്.<br>ഈ പദ്ധതികൾ കൃഷി വകുപ്പിന്റെ AIMS പോർട്ടൽ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. യഥാസമയം കർഷകർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കുന്നതിനും പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം തുക അതാതു കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ എയിംസ് പോർട്ടൽ മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | വിള ഇൻഷ്വറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി വിതരണം, നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നത് എന്നിവ യഥാസമയം നടപ്പിലാക്കി അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു.<br>കൂടാതെ കേന്ദ്രസർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുള്ള അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | ഇത്തരത്തിൽ കൃഷി നാശം നേരിട്ട കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വിശദമാക്കുമോ? | (ഡി) | വരൾച്ചയിൽ കൃഷിനാശം നേരിട്ട കർഷകരെ സഹായിക്കുന്നതിനു സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ